**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 02.07.2024

# കൈക്കൂലി വാങ്ങവേ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വിജിലൻസ് പിടിയിൽ

തൃശ്ശൂർ ജില്ലയിലെ കൊടകര ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായ ആന്റണി എം വട്ടോളി 6,000/- രൂപ കൈക്കൂലി വാങ്ങുന്നതിനിടയിൽ ഇന്ന് (02/07/2024) വിജിലൻസിന്റെ പിടിയിലായി.

തൃശ്ശൂർ ജില്ലയിലെ കൊടകര ബ്ലോക്കിന്റെ പരിധിയിലുള്ള അളഗപ്പനഗർ ഗ്രാമ പഞ്ചായത്തിലെ നിർമ്മാണ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരനായ പരാതിക്കാരൻ 2023-2024 സാമ്പത്തിക വാർഷത്തെ പദ്ധതി തുകയിൽ നിന്നും അനുവദിച്ച കോൺവെന്റ് റോഡിന്റെ ഓട നിർമ്മാണത്തിന്റെ പ്രവർത്തി ഏറ്റെടുത്ത് ഇക്കഴിഞ്ഞ ഏപ്രിൽ മാസത്തിൽ പൂർത്തികരിച്ചിട്ടുള്ളതാകുന്നു. പ്രസ്തുത പ്രവർത്തിയുടെ അവസാന ബിൽ തുകയായ 3,21,911/- രൂപയുടെ ബില്ല് അളഗപ്പനഗർ ഗ്രാമ പഞ്ചായത്തിലെ അസി. എഞ്ചിനീയർ തയ്യാറാക്കി മാറി നൽകുന്നതിലേക്ക് കൊടകര ബ്ലോക്ക് പഞ്ചായത്ത് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറായ ആന്റണി എം വട്ടോളിക്ക് കൈമാറിയിരുന്നു. തുടർന്ന് പരാതിക്കാരനായ കരാറുകാരനെ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ വിളിച്ച് ബില്ല് മാറി നൽകണമെങ്കിൽ 2% തുകയായ 6,000/- രൂപ കൈക്കൂലി നൽകണമെന്ന് ആവശ്യപ്പെട്ടു. പരാതിക്കാരൻ ഈ വിവരം വിജിലൻസ് മദ്ധ്യമേഖല പോലീസ് സൂപ്രണ്ട് ശ്രീ. ഹിമേന്ദ്രനാഥ് ഐ.പി.എസ് നെ അറിയിക്കുകയും അദ്ധേഹത്തിന്റെ നിർദ്ദേശപ്രകാരം തൃശ്ശൂർ വിജിലൻസ് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. സേതു.കെ.സി-യുടെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി ഇന്ന് (02/07/2024) ഉച്ചക്ക് 2:30 മണിയോടെ കൊടകര ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ വച്ച് കരാറുകാരനിൽ നിന്നും 6,000/- രൂപ കൈക്കൂലി വാങ്ങവെ ആന്റണി എം വട്ടോളി യെ കൈയോടെ പിടികൂടുകയാണുണ്ടായത്. തുടർന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സ്വകാര്യ കാർ പരിശോധിച്ചപ്പോൾ മറ്റൊരു കരാറുകാരൻ നൽകിയതെന്ന് പറയപ്പെടുന്ന 50,000/- രൂപ കൂടി വിജിലൻസ് കണ്ടെടുത്തു.

അറസ്റ്റ് ചെയ്ത പ്രതിയെ തൃശ്ശൂർ വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പി ശ്രീ. സേതു.കെ.സി-യെ കൂടാതെ ഇൻസ്പെക്ടർമാരായ ശ്രീ.ഇഗ്നേഷ്യസ്, ശ്രീ.ജയേഷ്ബാലൻ, ശ്രീ.സ്റ്റെപ്റ്റോജോൺ, പോലീസ് സബ് ഇൻസ്പെക്ടർമാരായ ശ്രീ.രാജൻ, ശ്രീ.ജയകുമാർ.സി.കെ ,ശ്രീ. ബൈജു, ശ്രീ. ജയകുമാർ.ഇ.കെ, ശ്രീ.സുദർശനൻ, ശ്രീ.കമൽദാസ്, പോലീസ് ഉദ്യോഗസ്ഥരായ ശ്രീ.ജോഷി, ശ്രീ.നിബാഷ്, ശ്രീ.വിബീഷ്, ശ്രീ. സൈജുസോമൻ, ശ്രീ.അരുൺ, ശ്രീ.ഗണേഷ്, ശ്രീ.സുധീഷ്, ശ്രീമതി.സരിത, ശ്രീ.എബി തോമസ്, ശ്രീ.രതീഷ്, ശ്രീ.രാജീവ്, ശ്രീ.ബിജു തുടങ്ങിയവരും ഉണ്ടായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി.കെ.വിനോദ് കുമാർ ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.